## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2622** **13-12-2022 - ൽ മറുപടിയ്ക്ക്**

### എൽ.ബി.എസ്, ഐ.എച്ച്.ആർ.ഡി - കെട്ടിട നിർമ്മാണം - ആസ്തി വികസന ഫണ്ട് വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് അനുമതിയ്ക്കായി നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിനു അനുമതി നൽകിക്കൊണ്ടുള്ള പൊതു ഉത്തരവിനായി ബഹു.ഗവ.ചീഫ് വിപ്പ് നൽകിയ 21.02.2022 തീയതിയിലെ കത്ത് സർക്കാർ പരിഗണിക്കുകയും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി പൊതു ഉത്തരവ് നൽകുവാൻ നിർവ്വാഹമില്ല എന്ന വിവരം 23.06.2022 തീയതിയിലെ 2077453/ എൻ.സി-ബി3/68/2022-ധന കത്ത് പ്രകാരം ബഹു.ഗവ.ചീഫ് വിപ്പിനെ അറിയിച്ചിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു.ഗവ.ചീഫ് വിപ്പ് നൽകിയ 12.10.2022 തീയതിലെ കത്ത് ഇ.നം. 2077453 ഫയലിൽ പരിശോധനയിലാണ്. |
| (ബി) | കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിനും നിർദ്ദിഷ്ട ഐ.എച്ച്.ആർ.ഡി. പോളിടെക്നിക്കിനും സൗജന്യമായി സ്ഥലം ലഭ്യമാണെന്നത് കണക്കിലെടുത്ത് പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിനു അനുമതി നൽകിക്കൊണ്ടുള്ള പൊതു ഉത്തരവിനായി ബഹു.ഗവ.ചീഫ് വിപ്പ് നൽകിയ 21.02.2022 തീയതിയിലെ കത്ത് സർക്കാർ പരിഗണിക്കുകയും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി പൊതു ഉത്തരവ് നൽകുവാൻ നിർവ്വാഹമില്ല എന്ന വിവരം 23.06.2022 തീയതിയിലെ 2077453/ എൻ.സി-ബി3/68/2022-ധന കത്ത് പ്രകാരം ബഹു.ഗവ.ചീഫ് വിപ്പിനെ അറിയിച്ചിട്ടുണ്ട്. ഇതേ |

| | | | |
|---|---|---|---|
| | | | ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു.ഗവ.ചീഫ് വിപ്പ് നൽകിയ 12.10.2022 തീയതിലെ കത്ത് ഇ.നം. 2077453 ഫയലിൽ പരിശോധനയിലാണ്. |
| (സി) | എൽ.ബി.എസ്.-ന്റെ റീജിയണൽ കേന്ദ്രത്തിന് സ്ഥലവും കെട്ടിടസൗകര്യവും ലഭ്യമാക്കിയാൽ അനുമതി നൽകാമെന്ന് എൽ.ബി.എസ്. അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാണെന്നതും കണക്കിലെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കാൻ ആസ്തി വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകാമോ; | (സി) | ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിനു അനുമതി നൽകിക്കൊണ്ടുള്ള പൊതു ഉത്തരവിനായി ബഹു.ഗവ.ചീഫ് വിപ്പ് നൽകിയ 21.02.2022 തീയതിയിലെ കത്ത് സർക്കാർ പരിഗണിക്കുകയും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി പൊതു ഉത്തരവ് നൽകുവാൻ നിർവ്വാഹമില്ല എന്ന വിവരം 23.06.2022 തീയതിയിലെ 2077453/ എൻ.സി-ബി3/68/2022-ധന കത്ത് പ്രകാരം ബഹു.ഗവ.ചീഫ് വിപ്പിനെ അറിയിച്ചിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു.ഗവ.ചീഫ് വിപ്പ് നൽകിയ 12.10.2022 തീയതിലെ കത്ത് ഇ.നം. 2077453 ഫയലിൽ പരിശോധനയിലാണ്. |
| (ഡി) | സംസ്ഥാനത്ത് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിബന്ധനകളുടെ അടിസ്ഥാനത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാമെന്നിരിക്കെ സംസ്ഥാനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ആട്ടോണമസ് സ്ഥാപനങ്ങളായ എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. പോലുള്ളവയ്ക്ക് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ അനുമതി നിഷേധിക്കുന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ? | (ഡി) | സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിടുന്നത്. സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. പോലുള്ളവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വിനിയോഗിക്കുന്നത് അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ